
18
Malbari

# നമസ്കാരം

ശൈഖ് അബ്ദുൽ അസീസ്

ഇബ്നുബാസ്



The Cooperative Office for Call & Guidance at Al-Olaya, Sulaimaniah & North Riyadh
Under the Supervision of Ministry of Islamic Affairs and Endowment and Call and Guidance
Tel.: 4704466 / 4705222 - Fax 4705094 - P.O. Box: 87913 Riyadh 11652

# നമസ്കാരം

**ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസ്**
**പ്രസിഡണ്ട്**
**ദാറുൽ ഇഫ്താ റിയാദ്**
**സഊദി അറേബ്യ.**

1. നബി(സ:അ)യുടെ നമസ്ക്കാരം എങ്ങനെ?
2. കൂട്ടായുള്ള നമസ്ക്കാരം നിർബ്ബന്ധം.

**വിവർത്തനം:**
**ടി.കെ. മുഹ്യിദ്ദീൻ ഉമരി**

The ISLAMIC CENTER
FOR MUSLIMS & NON-MUSLIMS SEEKING THE TRUTH
UNAIZAH

بسم الله الرحمن الرحيم

# നബി(സ.അ)യുടെ നമസ്കാരം എങ്ങനെ?

## صلوا كما رأيتموني اصلى ( البخارى )

"ഞാൻ എപ്രകാരം നമസ്കരിക്കുന്നതാണോ നിങ്ങൾ കണ്ടത് അപ്രകാരം നിങ്ങളും നമസ്ക്കരിക്കുക" (ബുഖാരി)എന്ന നബി(സ)യുടെ ഉപദേശമനുസരിച്ച് നമസ്കരിക്കണമെന്നാഗ്രഹിക്കുന്നവർക്ക് വേണ്ടി ശൈഖ് അബ്ദുൽഅസീസ് ബിൻ അബ്ദില്ലാഹിബിൻ ബാസ് എഴുതിയത്.

1."ശുദ്ധിയോടു കൂടിയല്ലാതെ ഒരു നമസ്ക്കാരവും സ്വീകരിക്കപ്പെടുകയില്ല" എന്ന നബിവചനപ്രകാരം, നമസ്കരിക്കുന്നവൻ ആദ്യമായി ചെയ്യേണ്ടത് അംഗശുദ്ധിവരുത്തുകയാണ്. അത് അല്ലാഹു ഖുർആനിൽ നിർദ്ദേശിച്ച പ്രകാരം തന്നെ നിർവ്വഹിക്കേണ്ടതുമാണ്. സൂറ: അൽമാഇദയിൽഅല്ലാഹു പറഞ്ഞു.

يآايها الذين آمنوا إذا قمتم إلى الصلات فاغسلوا وجوهكم

وأيديكم إلى المرافق وامسحوا برؤوسكم وأرجلكم إلى الكعبين.

സത്യവിശ്വാസികളെ നിങ്ങൾ നമസ്കാരത്തിന്നൊരുങ്ങിയാൽ നിങ്ങളുടെ മുഖങ്ങൾ കഴുകണം. കൈമുട്ടുകൾ ഉൾപ്പടെ കൈകളും കഴുകണം. നിങ്ങളുടെ തലകളും തടവണം. ഞെരിയാണിയുൾപ്പടെ കാലുകളും കഴുകണം.

2- പിന്നീട് താൻ നമസ്ക്കരിക്കാനുദ്ദേശിക്കുന്ന നിർബ്ബന്ധമോ, സുന്നത്തോ ആയ നമസ്കാരത്തിനെന്ന കരുതലോടു കൂടി (നിയ്യത്ത്) ഖിബ്ല:ക്കു നേരെ തിരിഞ്ഞ് നില്ക്കണം. നിയ്യത്ത് നാവുകൊണ്ട് ഉച്ചരിക്കേണ്ടതില്ല. നബി(സ.അ)യോ അനുചരന്മാരോ നിയ്യത്ത് നാവുകൊണ്ടുച്ചരിച്ചു കാണിച്ചു തന്നിട്ടില്ല. അതിനാൽ നിയ്യത്തു നാവു കൊണ്ടുച്ചരിക്കുന്നതു

ബിദ്അത്താണ്. ഒറ്റക്കോ ഇമാമായിട്ടോ നമസ്കരിക്കുമ്പോൾ നമസ്ക്കരിക്കുന്നവൻെറ മുന്നിൽ ഒരു മറയുണ്ടായിരിക്കണം. അത് നബി(സ.അ) കല്പിച്ചിട്ടുള്ളതാണ്. ഖിബ്‌ലക്കു നേരെ തിരിഞ്ഞു നില്ക്കുന്നത് നമസ്കാരത്തിൻെറ ശർത്വുകളിൽപ്പെട്ടതാണ്. ചില നിർബ്ബന്ധിതാവസ്ഥകളിൽ ഇതിൽ ഇളവുള്ളതായി പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

3,4 പിന്നീടു 'അല്ലാഹു അക്ബർ' എന്നു പറഞ്ഞു കൊണ്ട് കൈ രണ്ടും ചുമലിനു നേരെയോ രണ്ട് ചെവികൾക്കു നേരെയോ പൊക്കണം. അപ്പോൾ ദൃഷ്ടികൾ സുജൂദ് ചെയ്യുന്ന സ്ഥലത്ത് പതിഞ്ഞിരിക്കണം.

5- പിന്നീട് രണ്ട് കയ്യും നെഞ്ചിൽ വെയ്ക്കണം. ഇടത്തെ കയ്യിൻെറ കൈപ്പത്തി, മണികൺഠം, കണങ്കൈ എന്നിവക്ക് മീതെ വലത്തെ കൈ അമർന്നിരിക്കണം. നബി(സ.അ) ചെയ്തതായി സ്ഥിരപ്പെട്ടിട്ടുള്ളത് ഇങ്ങനെയാണ്.

6. പിന്നീടു പ്രാരംഭ പ്രാർത്ഥന നടത്തണം. അതിപ്രകാരമാണ്.

اللهم باعد بيني وبين خطاياي كما باعدت بين المشرق والمغرب، اللهم نقني من خطاياي كما ينقى الثوب الابيض من الدنس، اللهم اغسلني من خطاياي بالماء والثلج والبرد

(സാരം: അല്ലാഹുവേ, പശ്ചിമദിക്കുകൾക്കിടയിൽ നീ അകറ്റിയപോലെ എൻെറയും എൻെറ പാപങ്ങൾക്കുമിടയിൽ നീ അകറ്റേണമേ, അല്ലാഹുവേ വെളുത്ത വസ്ത്രം അഴുക്കിൽ നിന്നു ശുദ്ധീകരിക്കുംപോലെ പാപങ്ങളിൽ നിന്നും എന്നെ നീ ശുദ്ധീകരിക്കേണമേ. വെള്ളം കൊണ്ടും മഞ്ഞുകൊണ്ടും, ഹിമം കൊണ്ടും അല്ലാഹുവേ പാപങ്ങളിൽ നിന്നും നീ എന്നെ കഴുകി എടുക്കേണമേ.

ഇതിന്നുപകരമായി

سبحانك اللهم وبحمدك وتبارك اسمك وتعالى جدك ولا الهغيرك.

എന്നും ചൊല്ലാവുന്നതാണ്.(സാരം:- അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം തന്നെ നിൻെറ പരിശുദ്ധിയും ഞാൻ പ്ര കീർത്തിക്കുന്നു. നിൻെറ നാമം പരിശുദ്ധമത്രെ! നിൻെറ അനുഗ്രഹം അപാരവുമത്രെ! നീയല്ലാത്ത മറ്റൊരാരാധ്യനുമില്ല). ഇതു രണ്ടുമല്ലാത്ത, നബി(സ.അ)യിൽ സ്ഥിരപ്പെട്ടു ലഭിച്ചിട്ടുള്ള മറ്റു പ്രാർത്ഥനകളും ചെല്ലാവുന്നതാണ്. അവ മാറി മാറിച്ചൊല്ലുന്നതാണുത്തമം. അങ്ങനെ ചെയ്യുമ്പോൾ നബി(സ.അ)യുടെ എല്ലാ

സുന്നത്തും ഇക്കാര്യത്തിൽ പകർത്താൻ സാധിക്കും. പിന്നീട് أعوذ بالله من الشيطان الرجيم بسم الله الرحمن الرحيم എന്നു ചൊ ല്ലിയശേഷം സൂറത്തുൽ ഫാത്തിഹ ഓതണം. لاصلات لمن يقرأ بفاتحة الكتاب ഫാത്തിഹ: സൂറത്ത് ഓതാത്തവന്ന് നമസ്ക്കാരമില്ല എന്ന് അല്ലാഹുവിൻെറ റസൂൽ പറഞ്ഞിട്ടുണ്ട്. അതിന്നുശേഷം ആമീൻ ചൊല്ലണം. ഉറക്കെ ഓതുന്ന നമസ്കാരങ്ങളിൽ ഉറക്കെയും, പതുക്കെ ഓതുന്ന നമസ്കാരങ്ങളിൽ പതുക്കെയും ചൊല്ലണം.

പിന്നീട് ഖുർആനിൽ നിന്ന് തനിക്കറിവുള്ള അല്പഭാഗമെങ്കിലും ഓതണം. ളുഹ്ർ, അസ്വർ, ഇശാ എന്നീ നമസ്കാരങ്ങളിൽ നീണ്ടതും ചെറുതുമല്ലാത്ത ഇടത്തരം സൂറകളും ഫജ്റ് നമസ്കാരത്തിൽ നീണ്ട സൂറകളും മഗ്രിബ് നമസ്കാരത്തിൽ ചിലപ്പോൾ ഇടത്തരവും മറ്റു ചിലപ്പോൾ നീണ്ടതും ഓതുന്നതാണുത്തമം. അങ്ങനെ നബി(സ.അ) ചെയ്തിരുന്നതായി സ്ഥിരപ്പെട്ടിട്ടുണ്ട്.

7- പിന്നീട്, കൈകൾ നമസ്കാരത്തിൻെറ തുടക്കത്തിൽ ഉയർത്തിയപോലെ ഉയർത്തിക്കൊണ്ടു തക്ബീർ ചൊല്ലിക്കൊണ്ടു റുക്കൂഅ് ചെയ്യണം. അഥവാ കുനിയണം. അപ്പോൾ കൈ രണ്ടും കാൽ മുട്ടിൽ വെച്ചു കൊണ്ട് മുതുകും തലയും നേർക്കു നേരെ സമമായി നിർത്തണം. കൈവിരലുകൾ വിടർത്തിക്കൊണ്ടായിരിക്കണം കാൽമുട്ടുകളിൽ അവ വെക്കേണ്ടത്. അങ്ങിനെ റുകൂഇലെത്തി അല്പനേരം അടങ്ങിനില്ക്കണം. അപ്പോൾ سبحان ربي العظيم، (എൻെറ മഹാനായ റബ്ബ് സർവ്വത്ര പരിശുദ്ധൻ) എന്ന് മൂന്നോ അതിൽ കൂടുതലോ പ്രാവശ്യം ചൊല്ലണം. അതോടൊപ്പം سبحانك اللهم ربنا وبحمدك اللهم اغفرلي (ഞങ്ങളുടെ നാഥനായ അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം ഞാൻ നിൻെറ പരിശുദ്ധിയെ പ്രകീർത്തിക്കുന്നു.അല്ലാഹുവേ എൻെറ പാപങ്ങൾ നീ എനിക്കു പൊറുത്തുതരണേ!) എന്നുകൂടി ചെല്ലുന്നത് നല്ലതാണ്.

8.പിന്നീടു റുക്കൂഇൽ നിന്ന് തല ഉയർത്തണം. അപ്പോൾ മുമ്പ് ഉയർത്തിയപോലെത്തന്നെ കൈകൾ രണ്ടും ഉയർത്തിയിരിക്കണം.ഒററക്കോ, ഇമാമായോ നമസ്കരിക്കുന്നവൻ سمع الله لمن حمده (തന്നെ സ്തുതിച്ചവൻെറ പ്രാർത്ഥന അല്ലാഹുകേട്ടിരിക്കുന്നു) എന്നു പറഞ്ഞുകൊണ്ടായിരിക്കണം. റുക്കൂഇൽ നിന്നുയരുന്നത്.

ربنا ولك الحمد حمدا كثيرا طيبا مباركا فيه ملء السماوات

وملء الأرض وملء ما بينهما وملء ما شئت من شيء بعده .

എന്നാണ് ആ നിർത്തത്തിൽ ചൊല്ലേണ്ടത്.(സാരം: ഞങ്ങളുടെ നാഥാ, നിനക്കാണ് സർവ്വസ്തുതിയും കൂടിയതും ശുദ്ധവും, അനുഗ്രഹീതവുമായ സ്തുതി. ആകാശങ്ങളും ഭൂമിയും അവ രണ്ടിനുമിടയിലും പിന്നെ നീ ഉദ്ദേശിച്ച എല്ലാ വസ്തുക്കളിലും നിറയെ സ്തുതി)

اهلا الثناء والمجد، أحق ما قال العبد وكلنا لك عبد اللهم لا مانع لما أعطيت ولا معطى لما منعت ولا ينفع ذا الجد منك الجد ( مسلم)

എന്നു കൂടി ചൊല്ലുന്നതും ഉത്തമമാണ്. നബി(സ.അ)യിൽ നിന്ന് സ്വഹീഹായി സ്ഥിരപ്പെട്ടിട്ടുള്ളതാണിത്. (സാരം: പ്രശംസയുടെയും മഹത്വത്തിന്റെയും അവകാശിയായവനേ, അടിമപറഞ്ഞിട്ടുള്ളതിൽ ഏറ്റവും സത്യമായിട്ടുള്ളതത്രെ അത്. ഞങ്ങളെല്ലാം നിന്റെ അടിമകളാണ്.അല്ലാഹുവേ, നീ നല്കിയിട്ടുള്ളത് തടയുന്നവനായി ആരുമില്ല, നീ തടഞ്ഞുവെച്ചകു നല്കുന്നവനായും ആരുമില്ല. ഐശ്വര്യമുള്ളവന് തന്റെ ഐശ്വര്യവം കൊണ്ട് നിന്റെയടുത്ത് യാതൊരു പ്രയോജനവുമില്ല.)

ഇനി, ഇമാമിനെ തുടർന്നു നമസ്കരിക്കുകയാണെങ്കിൽ റുക്കൂഇൽ നിന്ന് ഉയരുമ്പോൾ ربنا ولك അവസാനം വരെ ചൊല്ലിയാൽ മതി. ഇമാമും തുടർന്ന് നമസ്കരിക്കുന്നവരും റുക്കൂഇന്ന് മുമ്പ് ചെയ്തതുപോലെ റുക്കൂഇന്ന് ശേഷമുള്ള നിർത്തത്തിലും കൈകൾ നെഞ്ചിൽ വെച്ച് കൊണ്ട് തന്നെയാണ് നിൽക്കേണ്ടത്. വാ ഇലുബ്നു ഹുജ്റിൽ നിന്നും, സഹ്ലുബ്നുസഅദിൽ നിന്നും(അല്ലാഹു അവരിരുവരെയും തൃപ്തിപ്പെടട്ടെ!) ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഹദീസുകളിൽ നിന്ന് നബി (സ.അ) അപ്രകാരം ചെയ്തിരുന്നതായിട്ടാണ് തെളിയുന്നത്.

9- പിന്നീടു തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദ് ചെയ്യണം. അഥവാ സാഷ്ടാംഗം നമിക്കണം. അപ്പോൾ ആദ്യം രണ്ടുകാൽ മുട്ടും പിന്നെ രണ്ട് കൈപ്പത്തിയും നിലത്തു വെക്കണം.അതിന്നു സൗകര്യപ്പെട്ടില്ലെങ്കിൽ കൈപ്പത്തി രണ്ടും ആദ്യം വെക്കുകയും പിന്നെ കാൽമുട്ട് രണ്ടും വെക്കുകയുമാണ് വേണ്ടത്. കാൽ വിരലുകളും കൈവിരലുകളും ഖിബ്‌ലക്ക് നേരെയാക്കി വെക്കണം. കൈവിരലുകൾ കൂട്ടിവെക്കുകയും വേണം. സുജൂദിലായിരിക്കുമ്പോൾ ഏഴവയവം നിലത്തു സ്പർശിക്കണം. മൂക്കിനോ

ടൊപ്പം തന്നെ നെറ്റിയും രണ്ടു കൈപ്പത്തിയും രണ്ടുകാൽമുട്ടും രണ്ടു കാലി ൻെറയും വിരലുകളുടെ ഉാംഭാഗവുമാണ് ഏഴവയവങ്ങാം.

سبحان ربى الأعلى

എന്നാണ് സുജൂദിൽ ചൊല്ലേണ്ടത്.എൻെറ അത്യുന്നതനായ റബ്ബ് സർവ്വത്ര പരിശുദ്ധൻ എന്നാണതിൻെറ സാരം. മൂന്നോ അതിൽ കൂടുതലോ തവണ അതാവർത്തിച്ചു കൊണ്ടിരിക്കണം. അതോടൊപ്പം

سبحانك اللهم ربنا وبحمدك اللهم اغفرلى

എന്ന് കൂടി ചൊല്ലുന്നത് നല്ലതാണ്. കൂടാതെ സുജൂദിൽ ആവശ്യാനു സൃതം പ്രാർത്ഥിക്കാവുന്നതാണ്. നബിതിരുമേനി(സ.അ) പറയുകയുണ്ടായി.

أما الركوع فعظموا الرب. وأما السجود فاجتهدوا فى الدعاء فقمن أن يستجاب لكم

എന്നാൽ റുക്കൂഇൽ നിങ്ങാം അല്ലാഹുവിൻെറ മഹത്വം വാഴ്ത്തുക. സുജൂദിലാകട്ടെ ഉത്സാഹപൂർവ്വം പ്രാർത്ഥിക്കുക. ആ പ്രാർത്ഥന സ്വീകരിക്കപ്പെടാൻ ഏററവും അർഹമത്രെ!

നബി തിരുമേനി(സ.അ) വീണ്ടും പറഞ്ഞു.

اقرب ما يكون العبد من ربه وهو ساجد فأكثروا من الدعاء.

അടിമ തൻെറ റബ്ബിനോടു ഏററവും അടുത്തിരിക്കുക അവൻ സുജൂദിലായിരിക്കുമ്പോഴാണ്. അതിനാൽ അപ്പോാം നിങ്ങാം ധാരാളമായി പ്രാർത്ഥിച്ചു കൊണ്ടിരിക്കുക.

നിർബ്ബന്ധമോ ഐച്ഛികമോ ആയ ഏത് നമസ്ക്കാരത്തിലും ഐഹികവും പാരത്രീകവുമായ നന്മകാംക്കായി സുജൂദിൽ പ്രാർത്ഥിക്കാവുന്നതാണ്.

സുജൂദിലായിരിക്കുമ്പോാം തോാംക്കയ്യും, ശരീരപാർശ്വവും പരസ്പരം അകന്നിരിക്കണം. അപ്രകാരം തന്നെ വയറും കാൽ തുടകളും കണങ്കാലുകളും കാൽ തുടകളും പരസ്പരം ഒട്ടി നില്ക്കാൻ പാടില്ല. കണങ്കൈ നിലത്ത് നിന്ന് പൊക്കിപ്പിടിക്കണം.നബി തിരുമേനി (സ.അ) പറയുകയുണ്ടായി.

إعتدلوا فى السجود ولا يبسط أحدكم ذراعيه انبساط الكلب.

നിങ്ങാം ചൊവ്വേ സുജൂദ് ചെയ്യണം. നായ്ക്കാം പരത്തിവെക്കും പോലെ നിങ്ങാം തൻെറ കണങ്കൈ പരത്തിവെക്കരുത്.

10. പിന്നീടു തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദിൽ നിന്ന് തല പൊ

ക്കണം. പിന്നെ ഇടത്തെ പാദം പരത്തിവെച്ച് അതിന്മേലിരിക്കുകയും വലത്തെ പാദം നാട്ടിവെക്കുകയും വേണം. കൈപ്പത്തികൾ രണ്ടും കാൽ തുടകളിലും മുട്ടുകളിലും കൂടിയായിവെക്കണം. ഈ ഇരുത്തത്തിൽ

رب اغفرلي وارحمني وارزقني وعافني واجبرني

(എന്റെ റബ്ബേ, എനിക്കു പൊറുത്തുതരേണമേ, എന്നോടു കരുണ കാണിക്കേണമേ, എനിക്ക് ആഹാരം നല്കേണമേ, എനിക്ക് ആരോഗ്യം നല്കേണമേ, എന്റെ പോരായ്മകൾ പരിഹരിക്കേണമേ) എന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കണം.

അപ്പോൾ നട്ടെല്ലുകൾ ഓരോന്നും അതതിന്റെ സ്ഥാനം പിടിക്കുന്നതുവരെ അടങ്ങിയിരിക്കണം. റുക്കൂഇന്ന് ശേഷം നിവർന്നു നില്ക്കുമ്പോൾ ചെയ്തപോലെത്തന്നെ.

നബിതിരുമേനി(സ.അ) റുക്കുഇന്നു ശേഷമുള്ള നിർത്തത്തിലും രണ്ടു സുജൂദുകൾക്കിടയിലുള്ള ഇരുത്തത്തിലും ദീർഘനേരം കഴിച്ചുകൂട്ടാറുണ്ടായിരുന്നുവെന്നു സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്.

11. പിന്നീട് തക്ബിർ ചൊല്ലിക്കൊണ്ട് രണ്ടാമത്തെ സുജൂദ് ചെയ്യണം. ഒന്നാമത്തെ സുജൂദിൽ ചെയ്തതു പോലെത്തന്നെ അതിലും ചെയ്യണം.

12. പിന്നീടു തക്ബീർ ചൊല്ലിക്കൊണ്ട് തല പൊക്കണം. രണ്ട് സുജൂദിന്നിടയിൽ ചെയ്തതു പോലെ അല്പനേരം ഇരിക്കണം. ഈ ഇരുത്തത്തിന്നു جلسة الإستراحة വിശ്രമത്തിന്റെ ഇരുത്തം എന്നാണ് പേർ. പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഏറ്റവും ശരിയായത് ഈ ഇരുത്തം ഉത്തമമായിട്ടുള്ളതാണെന്നാണ്. അതുപേക്ഷിക്കുന്നതു കുറ്റകരമല്ല. പ്രത്യേകമായ പ്രാർത്ഥനയോ ദിക്റോ ഈ ഇരുത്തത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. പിന്നീട് മുട്ടുകുത്തിക്കൊണ്ട് രണ്ടാമത്തെ റക്അത്തിലേക്കായി ഉയരണം. അതിന്നു സാധിച്ചില്ലെങ്കിൽ കൈ നിലത്തു ഊന്നിക്കൊണ്ട് ഉയരണം. പിന്നീട് ഫാത്തിഹ:യും സൗകര്യം തോന്നുന്ന സൂറ:യും ഓതിക്കൊണ്ട് ഒന്നാമത്തെ റക്അത്തു പൂർത്തിയാക്കിയതുപോലെത്തന്നെ രണ്ടാമത്തെ റക്അത്തും പൂർത്തിയാക്കാണം.

ഇമാമിനെ തുടർന്നു നമസ്കരിക്കുന്നവൻ ഒരു ചലനത്തിലുംഇമാമിനെ മുൻകടന്നുകൂടാത്തതാണ്. നബിതിരുമേനി (സ.അ)വളരെ ഗൗരവപൂർവ്വം താക്കീത് ചെയ്തിട്ടുള്ള ഒരു കാര്യമത്രെ അത്. ഇമാമിനോടുകൂടി ഒപ്പത്തിനൊപ്പം ചലിക്കുന്നതും കറാഹത്തും വെറുക്കപ്പെട്ടതുമാണ്.

ഓരോ ചലനവും ഇമാമിന്റെ ചലനത്തിന്ന് ശേഷം ഉടനെത്തന്നെ ആയിരിക്കുകയാണ് സുന്നത്ത്. ഓരോ ചലനത്തിലും ഇമാമിന്റെ ശബ്ദം നിലച്ചതിന്ന് ശേഷമേ ചലനം ആരംഭിക്കാവൂ.

നബിതിരുമേനി(സ.അ)അരുളിയതിപ്രകാരമാണ്.

إنما جعل الإمام ليؤتم به، فلا تختلفوا عليه، فإذا كبر فكبروا فإذا قال سمع الله لمن حمده فقولوا ربنا ولك الحمد فإذا سجد فاسجدوا (متفق عليه)

“ഇമാമിനെ നിശ്ചയിച്ചിട്ടുള്ളത് പിന്തുടരാൻ വേണ്ടിയാണ്. അതിനാൽ അദ്ദേഹത്തിന്നെതിര് പ്രവർത്തിക്കരുത്. അദ്ദേഹം തക്ബീർ ചൊല്ലിയാൽ നിങ്ങളും തക്ബീർ ചൊല്ലണം. അദ്ദേഹം سمع الله لمن حمده എന്നു പറഞ്ഞാൽ നിങ്ങൾ ربنا ولك الحمد എന്നു പറയണം. അദ്ദേഹം സുജൂദ് ചെയ്താൽ ഉടനെത്തന്നെ നിങ്ങളും സുജൂദ് ചെയ്യുക.

13- ഫജ്ർ നമസ്കാരം, ജുമുഅ: നമസ്കാരം, പെരുന്നാൾ നമസ്കാരം എന്നിവപോലെ രണ്ട് റക്അത്ത് മാത്രമുള്ള നമസ്കാരങ്ങളിൽ രണ്ടാം റക്അത്തിലെ രണ്ടാം സുജൂദിൽ നിന്നെഴുന്നേറ്റാൽ ഇടത്തെ പാദം പരത്തിവെച്ച് അതിന്മേൽ ഇരിക്കുകയും വലത്തെ പാദം നാട്ടിവെക്കുകയും വേണം. വലത്തെ കൈപ്പത്തി ചുരുട്ടിപ്പിടിച്ചു ചൂണ്ടുവിരൽ ഉയർത്തിക്കൊണ്ട് വലത്തെ തുടയിൽ വെക്കണം. ചെറുവിരലും മോതിരവിരലും കൂട്ടിപ്പിടിച്ചു തള്ളവിരലും നടുവിരലും കൊണ്ടു ഒരുവട്ടമുണ്ടാക്കിചൂണ്ടുവിരൽ ഉയർത്തിപ്പിടിക്കുന്നതും നല്ലതാണ്. രണ്ടുരൂപവും നബി(സ.അ)യിൽ നിന്നു സ്ഥിരപ്പെട്ടിട്ടുണ്ട്. ഇടക്കിടെ മാറിമാറിപ്പിടിക്കുന്നതാണ് ഏറ്റവും നല്ലത്. ഇടത്തെ കൈപ്പത്തി ഇടത്തെതുടയിലും മുട്ടിലുമായി വെക്കണം. പിന്നെ ഈ ഇരുത്തത്തിൽ തശഹ്ഹുദ് ചൊല്ലണം. അത്

التحيات لله والصلوات والطيبات، السلام عليك أيها النبي

ورحمة الله وبركاته السلام علينا وعلى عباد الله الصالحين، أشهد أن لا اله الا الله وأشهد ان محمدا عبده ورسوله. എന്നാകുന്നു.

(സാരം: എല്ലാ അഭിവാദ്യങ്ങളും അല്ലാഹുവിന്ന്. ആരാധനകളും സൽകർമ്മങ്ങളുമെല്ലാം അല്ലാഹുവിനുതന്നെ, നബിയേ, സമാധാനവും ദൈവകാരുണ്യവും ദൈവികാനുഗ്രഹങ്ങളും അങ്ങേയ്ക്ക് ലഭിക്കുമാറാകട്ടെ. എല്ലാ

നല്ലവരായ ദൈവദാസന്മാർക്കും നമുക്കും സമാധാനമുണ്ടായിരിക്കട്ടെ.അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലെന്നും മുഹമ്മദ്(സ.അ)അവൻെറ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. തുടർന്നു നബി തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലണം.അതിൻെറ രൂപം ഇപ്രകാരമാണ്.

اللهم صل على محمد وعلى آل محمد كما صليت على
إبراهيم وآل ابراهيم إنك حميد مجيد وبارك على
محمد وعلى آل محمد كما باركت على ابراهيم وآل
إبراهيم إنك حميد مجيد

(സാരം: അല്ലാഹുവേ, മുഹമ്മദ് നബിയോടും അദ്ദേഹത്തിൻെറ കുടുംബത്തോടും നീ കരുണ കാണിക്കേണമേ, ഇബ്രാഹിം നബിയോടും അദ്ദേഹത്തിൻെറ കുടുംബത്തോടും നീ കരുണ കാണിച്ചപോലെ .മുഹമ്മദ് നബിയേയും കുടുംബാംഗങ്ങളെയും നീ അനുഗ്രഹിക്കേണമേ, ഇബ്രാഹിം നബിയെയും കുടുംബാംഗങ്ങളെയും നീ അനുഗ്രഹിച്ചപോലെ. നീ സ്തുത്യർഹനും മഹാനുമത്രെ.)

അതിനു ശേഷം നാലു കാര്യത്തിൽ നിന്നു അല്ലാഹുവിൽ അഭയം തേടികൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കണം:

أللهم إنى أعوذ بك من عذاب جهنم ومن عذاب القبر
ومن فتنة المحيا والممات ومن فتنة المسيح الدجال.

(സാരം: അല്ലാഹുവേ, നരക ശിക്ഷയിൽ നിന്നും ഖബറിലെ ശിക്ഷയിൽ നിന്നും ജീവിതത്തിലെയും മരണത്തിലെയും കുഴപ്പത്തിൽ നിന്നും മസീഹുദജ്ജാലിൻെറ കുഴപ്പത്തിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു)

പിന്നീടു ഐഹികവും പാരത്രികവുമായ നന്മക്ക് വേണ്ടി ആവശ്യമായ പ്രാർത്ഥനകൾ നടത്താം. മാതാപിതാക്കൾക്ക് വേണ്ടിയും മുസ്ലിംകളായ മറ്റാർക്ക് വേണ്ടിയും പ്രാർത്ഥിക്കാം. നിർബ്ബന്ധ നമസ്കാരത്തിലും ഐച്ഛികനമസ്കാരത്തിലും അപ്രകാരം പ്രാർത്ഥിക്കാവുന്നതാണ്. ഇബ്നുമസ്ഊദ്(റ)വിൽ നിന്നുദ്ധരിക്കപ്പെടുന്ന ഒരു നബിവചനത്തിൻെറ താല്പര്യത്തിൽ നിന്ന് അതാണ് വ്യക്തമാകുന്നത്. തശഹ്ഹുദ് പഠിപ്പിച്ചു

കൊടുത്ത ശേഷം നബി തിരുമേനി(സ.അ) അദ്ദേഹത്തോടിപ്രകാരം പറയുകയുണ്ടായി.: ثم ليتخير من الدعاء أعجبه إليه فيدعو. وفى لفظ آخر

ثم ليختر من المسألة ماشاء

"പിന്നീട് അവന്നിഷ്ടമുള്ള പ്രാർത്ഥനകൾ തിരഞ്ഞെടുത്തു പ്രാർത്ഥിക്കട്ടെ." മറ്റൊരു നിവേദനത്തിൽ 'പിന്നീട് അവന്നിഷ്ടമുള്ളത് തിരഞ്ഞെടുത്ത് ചോദിച്ചുകൊള്ളട്ടെ" എന്നാണുള്ളത്. ഐഹികവും പാരത്രികവുമായി അടിമക്കുപകാരപ്രദമായ എല്ലാ പ്രാർത്ഥനകളും ഉൾക്കൊള്ളുന്ന ഒരു പൊതു നിർദ്ദേശമത്രെ ഇത്. പിന്നീടു വലത്ത് ഭാഗത്തേക്കു തിരിഞ്ഞു കൊണ്ടു السلام عليكم ورحمة الله എന്ന് പറയണം. പിന്നെ ഇടത്തോട്ടു തിരിഞ്ഞു السلام عليكم ورحمة الله എന്ന് പറയണം.

14- മഗ്‌രിബ് പോലെ മൂന്നു റക്അത്തോ, ള്വുഹ്ർ, അസ്വർ, ഇശാ പോലെ നാല് റക്അത്തോ ഉള്ള നമസ്കാരങ്ങളാണെങ്കിൽ നേരത്തെ പറഞ്ഞ തശഹ്ഹുദും നബി തിരുമേനിയുടെ മേൽ സ്വലാത്തും ചൊല്ലിയ ശേഷം കാൽ മുട്ടിൽ ഊന്നിക്കൊണ്ട് മൂന്നാമത്തെ റക്ത്തിലേക്കു ഉയരണം. അപ്പോൾ തക്ബീർ ചൊല്ലുകയും ചുമലുകൾക്ക് നേരെയോ, കാതുകൾക്ക് നേരെയോ കൈകൾ ഉയർത്തുകയും വേണം. പിന്നീടു മുകളിൽ പറഞ്ഞതു പോലെ നെഞ്ചിൽ കൈകൾ കെട്ടിവെച്ചുകൊണ്ട് സൂറ: ഫാത്തിഹ: മാത്രം ഓതണം. ളുഹ്ർ നമസ്കാരത്തിലെ മൂന്നും നാലും റക്അത്തുകളിൽ ഫാത്തിഹ:ക്കു ശേഷം ചിലപ്പോഴൊക്കെ ഖുർആനിൽ നിന്ന്അല്പം ഓതാവുന്നതാണ്. അബൂബഈദ്(റ)വിൽ നിന്നുദ്ധരിക്കപ്പെട്ട ഒരു ഹദീസിൽ അതിന്ന് തെളിവുണ്ട്. പിന്നീടു മൂന്നാം റക്അത്ത് പൂർത്തിയാക്കിയശേഷം മഗ്‌രിബിലും നാലാം റക്അത്ത് പൂർത്തിയാക്കിയശേഷം ളുഹ്ർ,അസ്വർ, ഇശാ എന്നിവയിലും തശഹ്ഹുദും, നബിയുടെ മേൽ സ്വലാത്തും, നരകശിക്ഷ, ഖബ്ർ ശിക്ഷ, ജീവിതമരണങ്ങളിലെ കുഴപ്പങ്ങൾ, മസീഹുദജ്ജാലിൻെറ കുഴപ്പം എന്നിവയിൽ നിന്ന് രക്ഷതേടലും മറ്റു പ്രാർത്ഥനകളും നടത്തുന്നതിന്നായി ഇരിക്കണം. ഈ ഇരുത്തത്തിൽ നാട്ടിവെച്ച വലത്തെ കാലിന്നുള്ളിലൂടെ ഇടത്തെ കാൽപാദം തള്ളിവെച്ചു ഇടത്തെ ചന്തിയിൽ നിലത്തമർന്നിരിക്കണം.അബൂഹുമൈദ്(റ)വിൽ നിന്നുദ്ധരിക്കപ്പെട്ട ഒരു നബിവചനത്തിൽ ഈ ഇരുത്തത്തിൻെറ ക്രമം സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. പിന്നീടു വലത്തോട്ടും ഇടത്തോട്ടും യഥാക്രമം സലാം വീട്ടണം.അതിനു ശേഷം

استغفر الله العظيم എന്നു മൂന്നുതവണ മാപ്പിന്നിരക്കുകയും പിന്നീട്

اللهم أنت السلام ومنك السلام تباركت ياذالجلال والإكرام

എന്ന് പറഞ്ഞ് കൊണ്ട് ഇമാമാണെങ്കിൽ ജനങ്ങാക്ക് നേരെ തിരിഞ്ഞിരിക്കണം.(സാരം: അല്ലാഹുവേ, നീയാണ് സമാധാനം നല്കുന്നവൻ, നിന്നിൽ നിന്നു മാത്രമാണ് സമാധാനം, മഹാനും ആദരണീയനുമായിട്ടുള്ളവനേ നീ മഹാധന്യനത്രെ.) പിന്നീടു ഇമാമും, ഒററക്കു നമസ്കരിക്കുന്നവനും തുടർന്നു നമസ്കരിക്കുന്നവനും എല്ലാം താഴെ പറയുന്ന ദിക്റുകാം ചൊല്ലുകയും പ്രാർത്ഥനകാം നടത്തുകയും വേണം.

لا إله الا الله وحده لا شريك له له الملك وله الحمد وهو على كل شيئ قدير، اللهم لا مانع لما أعطيت ولا معطي لما منعت ولا ينفع ذا الجد منك الجد. لا حول ولا قوة الا بالله لا إله إلا الله ولا نعبد إلا اياه له النعمة وله الفضل وله الثناء الحسن، لا إله الا الله مخلصين له الدين ولو كره الكافرون ഒരു തവണയും 'തസ്ബീഹും' 'ഹംദും'തക്ബീറും' മുപ്പത്തിമൂന്ന് തവണ വീതവും അവസാനം ഒരു തവണ 'തഹ്ലീൽ' ചൊല്ലി നൂറു തികയ്ക്കുകയും ചെയ്തശേഷം 'ആയത്തുൽ കുർസിയും, 'ഇഖ്ലാസ്,' 'ഫലഖ്', 'നാസ്' എന്നീ സൂറകളും ഓരോ തവണ വീതവും ചൊല്ലണം. ഫജ്ർ, മഗ്രിബ് എന്നീ നമസ്കാരങ്ങാക്കു ശേഷം ഈ മൂന്ന് സൂറ:കാം മൂന്ന് തവണ ആവർത്തിക്കണം. ഇവയെല്ലാം സ്വഹീഹായ ഹദീസുകളിലൂടെ സ്ഥിരപ്പെട്ടിട്ടുള്ളതാണ്. ഈ ദിക്റുകളൊക്കെ സുന്നത്ത് മാത്രമാണ്. നിർബ്ബന്ധമല്ലെന്ന കാര്യം പ്രത്യേകം ഓർമ്മിക്കുക.

ളുഹ്റിന്നു മുമ്പ് നാലു റക്അത്ത്,അതിന്ന് ശേഷം രണ്ട് റക്അത്ത്, മഗ്രിബിന്ന് ശേഷം രണ്ട് റക്അത്ത്, ഇശാക്ക് ശേഷം രണ്ട് റക്അത്ത്, ഫജ്റിന്നു മുമ്പ് രണ്ട് റക്അത്ത് ഇങ്ങനെ ആകെ പന്ത്രണ്ട് റക് അത്ത് ഐച്ഛിക നമസ്കാരം എല്ലാ മുസ്ലിം സ്ത്രീ പുരുഷന്മാർക്കും സുന്നത്തായി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇവയ്ക്കാണ് 'റവാത്തിബ്' എന്ന് പറയുന്നത്.

അല്ലാഹുവിൻെറ തിരുദൂതർ(സ.അ) നട്ടിലായിരിക്കുമ്പോാം ഇവ വളരെ കൃത്യമായി നമസ്കാരിക്കാറുണ്ടായിരുന്നു. എന്നാൽ യാത്രയിലായിരിക്കുമ്പോാം ഫജ്റിൻെറ മുമ്പുള്ള രണ്ടു റക്അത്തും, വിത്റും മാത്രമേ നബിതിരുമേനി നമസ്കരിക്കാറുണ്ടായിരുന്നുള്ളൂ. ബാക്കിയെല്ലാം യാത്രയിൽ ഉപേക്ഷിക്കുകയായിരുന്നു അവിടുത്തെ സമ്പ്രദായം,.

ഈ റവാത്തിബും വിത്റുമെല്ലാം വീട്ടിൽ വെച്ചു നമസ്കരിക്കുകയാണ് ഏറ്റവും ഉത്തമം.പള്ളിയിൽ വെച്ചു നമസ്കരിക്കുന്നത് കൊണ്ട് വിരോധമില്ല. നബിതിരുമേനി (സ.അ)പറയുകയുണ്ടായി.

أفضل صلاة المرء فى بيته الا المكتوبة

"നിർബ്ബന്ധമല്ലാത്ത എല്ലാ നമസ്കാരവും വീട്ടിൽ വെച്ച് നമസ്കരിക്കുന്നതാണു പുരുഷന്മാർക്കുത്തമം." റവാത്തിബ് സുന്നത്തുകൾ കൃത്യമായി അനുഷ്ഠിക്കുന്നത് സ്വർഗ്ഗപ്രവേശത്തിന്നിടയാക്കുന്ന പുണ്യകർമ്മമത്രെ. ഇമാം മുസ്ലിം ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം കാണാം.

من صلى اثنتى عشرة ركعة فى يومه وليلته تطوعا بنى الله له بيتا فى الجنة

"ആരെങ്കിലും രാത്രിയും പകലും കൂടി പന്ത്രണ്ടു റക്അത്തുകൾ സുന്നത്തായി നമസ്കരിച്ചാൽ അല്ലാഹു അവന് സ്വർഗ്ഗത്തിൽ ഒരു വീട് പണിതു കൊടുക്കും".

അസ്വർ നമസ്കാരത്തിനു മുമ്പ് നാലു റക്അത്തും മഗ്രിബിന്നു മുമ്പ് രണ്ട് റക്അത്തും ഇശാഇന്ന് മുമ്പ് രണ്ട് റക്അത്തും സുന്നത്ത് നമസ്കരിക്കുന്നത് നല്ലതാണ്. നബിചര്യയിൽ അതിന്നു തെളിവുണ്ട്.

തൗഫീഖിൻെറ ഉടമ അല്ലാഹുവത്രെ. നമ്മുടെ നബി മുഹമ്മദ് (സ.അ)യിൽ അല്ലാഹുവിൻെറ അനുഗ്രഹം ഖിയാമത്ത്നാൾ വരെ വർഷിച്ചു കൊണ്ടിരിക്കട്ടെ. അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളിലും അനുചരന്മാരിലും അവരുടെ നല്ലവരായ പിൻഗാമികളിലും അല്ലാഹുവിൻെറ അനുഗ്രഹാശിസ്സുകൾ തുടർന്നു കൊണ്ടിരിക്കട്ടെ. ആമീൻ.

## രണ്ട്

# സംഘ നമസ്കാരം നിർബന്ധം

ശൈഖ് അബ്ദുൽഅസീസ് ഇബ്നു അബ്ദുല്ലാഹിബ്നുബാസ് ഈ ലേഖനം വായിക്കാനിടയുള്ള എല്ലാവർക്കും നല്കുന്ന സന്ദേശം അല്ലാഹു അവരെയും നമ്മെയും അവന്നിഷ്ടകരമായി കാര്യങ്ങൾ ചെയ്യാൻ അനുഗ്രഹം നൽകട്ടെ.അവരെയും നമ്മെയും അല്ലാഹുവെ ഭയപ്പെടുകയും സൂക്ഷിക്കുകയും ചെയ്യുന്നവരുടെ കണ്ണിയിൽ കൂട്ടിച്ചേർക്കട്ടെ.(ആമീൻ)

അല്ലാഹുവിൻെറ അനുഗ്രഹവും രക്ഷയും നിങ്ങാംക്കുണ്ടാകട്ടെ. അവൻെറ അനുഗ്രഹാശിസ്സുകാം എപ്പോഴും വർഷിക്കുമാറാകട്ടെ.

സഹോദരന്മാരേ, ജമാഅത്തായുള്ള നമസ്കാരത്തിൻെറ കാര്യത്തിൽ പലരും അശ്രദ്ധകാണിക്കുന്നതായും ചില പണ്ഡിതന്മാർ അതിൻെറ ഗൗരവം കുറച്ചു കാണിക്കുന്നതായും എനിക്കറിയാൻ കഴിഞ്ഞു.അത് കൊണ്ട് അതിൻെറ മഹത്വവും ഗൗരവവും ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടത് എൻെറ കടമകളിലൊന്നായി ഞാൻ മനസ്സിലാക്കുന്നു.അതാണു ഈ കുറിപ്പിന്ന് കാരണം.

അല്ലാഹൂ തൻെറ മഹത്തായ ഗ്രന്ഥത്തിൽ വളരെ പ്രാധാന്യവും മഹത്വവും നല്കിയ ഒരു കാര്യം നിസ്സാരമാക്കിക്കാണിക്കുന്നത് ഒരു യഥാർത്ഥ മുസ്ലിമിന് ചേർന്നതല്ല. അപ്രകാരം തന്നെ അല്ലാഹുവിൻെറ റസൂൽ (സ.അ)പ്രാധാന്യം കല്പിച്ചിട്ടുളള ഒരു കാര്യം അപ്രധാനമായി കാണാനും ഒരു മുസ്ലിമിന്നു സാധ്യമല്ല.അല്ലാഹു പരിശുദ്ധഖുർആനിൽ ധാരാളമായി ആവർത്തിച്ചുണർത്തിയിട്ടുള്ള ഒരു കാര്യമാണ് നമസ്കാരം കൃത്യമായി അനുഷ്ഠിക്കണമെന്നത്. അതു നിർവ്വഹിക്കണമെന്നതും നമസ്കാരത്തെക്കുറിച്ചു മടിയും അശ്രദ്ധയും കാണിക്കുന്നതും അതുവളരെ നിസ്സാരമായിക്കരുതുന്നതും കപട വിശ്വാസികളുടെ സ്വഭാവമായിട്ടാണ് ഖുർആൻ എണ്ണിയിട്ടുള്ളത്.അല്ലാഹു പറയുന്നത്. നോക്കൂ:

حافظوا على الصلوات والصلاة الوسطى وقوموا لله قانتين

"എല്ലാ നമസ്കാരവും നിങ്ങാം കൃത്യമായി അനുഷ്ഠിക്കുക. വിശേഷിച്ചും മദ്ധ്യാഹ്ന നമസ്കാരം. വിനയാന്വിതരായിക്കൊണ്ട് നിങ്ങാം അല്ലാഹുവിന്നു മുമ്പിൽ നില്ക്കുക"

തൻെറ സഹോദരന്മാരോടൊപ്പം നമസ്കരിക്കാൻ പോകാതെ പിൻമാറിയിരിക്കുന്ന ഒരടിമ നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നുണ്ടെന്നും അതർഹിക്കുന്ന മഹത്വം അതിന്നവൻ കല്പിക്കുന്നുണ്ടെന്നും എങ്ങനെയാണ് ബോധ്യപ്പെടുക? യഥാർത്ഥത്തിൽ നമസ്കാരത്തെ വളരെ നിസ്സാരമായിട്ടാണവൻ കണക്കാക്കിയിട്ടുള്ളത്.

وأقيموا الصلاة وآتوا الزكاة واركعوا مع الراكعين

"നമസ്കാരം കൃത്യമായി അനുഷ്ഠിക്കുകയും സക്കാത്ത് നല്കുകയും നമസ്കരിക്കുന്നവരോടൊപ്പം കൂടി നമസ്കരിക്കുകയും ചെയ്യുവിൻ" എന്നാണല്ലാഹു പറഞ്ഞിട്ടുള്ളത്. നമസ്കാരം ജമാഅത്തായിത്തന്നെ നമസ്കരി

ക്കണമെന്നതിനു വ്യക്തമായ തത്രെ ഈ ദൈവവാക്യം. അങ്ങനെയല്ലെങ്കിൽ ആ വാക്യത്തിലെ واركعوا مع الراكعين

"നമസ്കരിക്കുന്നവരോടൊപ്പം കൂടി നമസ്കരിക്കുവീൻ" എന്ന അവസാനഭാഗത്തിന്ന് യാതൊരു പ്രസക്തിയുമില്ല. നമസ്കാരം കൃത്യമായി അനുഷ്ഠിക്കണമെന്ന നിർദ്ദേശം ആയത്തിൻെറ തുടക്കത്തിലുണ്ടായിരിക്കെ ആ നിർദ്ദേശം തന്നെ അതേ ആയത്തിൻെറ ഒടുവിൽ ആവർത്തിക്കേണ്ടതില്ലല്ലോ.

മറ്റൊരിടത്ത് അല്ലാഹു പറയുന്നു.

وإذا كنت فيهم فأقمت لهم الصلاة فلتقم طائفة منهم معك وليأخذوا أسلحتهم فإذا سجدوا فليكونوا من وراءكم ولتأت طائفة أخرى لم يصلوا فليصلوا معك وليأخذوا حذرهم وأسلحتهم .

"നബിയേ, താങ്കളവരുടെ കൂട്ടത്തിലുണ്ടായിരുന്നാൽ അങ്ങനെ അവരെയും കൊണ്ട് നമസ്കരിക്കുകയുമാണെങ്കിൽ അവരിൽ ഒരു വിഭാഗം താങ്കളുടെ കൂടെ നിൽക്കട്ടെ. അവർ അവരുടെ ആയുധങ്ങൾ എടുക്കുകയും ചെയ്യട്ടെ.അവർ സുജൂദ് ചെയ്തു കഴിഞ്ഞാൽ പിന്നെ അവർ നിങ്ങളുടെ പിന്നിലേക്കു മാറട്ടെ. പിന്നെ നമസ്കരിക്കാത്ത മറ്റെ വിഭാഗം വന്ന് നിൻെറ കൂടെ നമസ്കരിക്കട്ടെ. അവർ തങ്ങളുടെ മുൻകരുതലുകളും ആയുധങ്ങളും എടുത്തു കൊള്ളുകയും ചെയ്യട്ടെ."

യുദ്ധത്തിൻെറ അവസരത്തിൽ പോലും നമസ്കാരം ജമാഅത്തായി നിർവ്വഹിക്കാനാണ് അല്ലാഹു പഠിപ്പിച്ചതും നിർബ്ബന്ധമാക്കിയതും. അപ്പോൾ സാധാരണ അവസരങ്ങളിൽ ജമാഅത്തായിട്ടല്ലാതെ എങ്ങനെ നമസ്കരിക്കും? ജമാഅത്തായുള്ള നമസ്കാരത്തിൽ നിന്ന് ആർക്കെങ്കിലും ഇളവ് അനുവദിക്കാമെങ്കിൽ അതു യുദ്ധത്തിൽ പങ്കെടുത്ത് ശത്രുക്കളുടെ ഭീഷണിയെ നേരിടുന്ന പടയാളികൾക്കാണ് ലഭിക്കേണ്ടത്.അവർക്കു പോലും അതനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ നമസ്കാരം നിർവ്വഹിക്കേണ്ടത് ജമാഅത്തായിട്ടുതന്നെയാണെന്നും അത് നിർബ്ബന്ധമാണെന്നും മനസ്സിലാക്കാൻ പ്രയാസമില്ല. അപ്പോൾ ജമാഅത്തിനു പോകാതെ പിന്തിനിൽക്കുന്നത് അനുവദിച്ചു കൂടാത്തതാണെന്ന് ഗ്രഹിക്കാം.

അബൂഹുറൈറ: (റ)വിൽ നിന്നും ഇമാം ബുഖാരിയും ഇമാം മുസ്ലിമും കൂടി ഉദ്ധരിച്ച ഒരു ഹദീസ് ശ്രദ്ധേയമാണ്. നബി(സ.അ) പറയുന്നു:

لقد هممت أن آمر بالصلاة فتقام ثم آمر رجلا أن يصلي بالناس ثم انطلق برجال معهم حزم من حطب إلى قوم لايشهدون الصلاة فاحرق عليهم بيوتهم - الحديث

"നമസ്കാരത്തിന് ഇഖാമത്ത് വിളിക്കാൻ നിർദ്ദേശിച്ച് ഒരാളെ ജനങ്ങളെയും കൊണ്ട് നമസ്കരിക്കാൻ ഏർപ്പാടു ചെയ്ത് കുറെ ആളുകളെയും കൂട്ടി വിറകുമായിച്ചെന്ന് നമസ്കാരത്തിന്ന് പങ്കെടുക്കാനെത്താത്ത ആളുകളെ അവരുടെ വീടുകൾക്കുള്ളിലിട്ട് തീകൊടുത്ത് നശിപ്പിക്കണമെന്ന് ഞാൻ കരുതിപ്പോയി."

ഇമാം മുസ്ലിം അബ്ദുല്ലാഹിബ്നു മസ്ഊദിൽ നിന്ന് തൻെറ സ്വഹീഹിൽ ഉദ്ധരിച്ച മററൊരു ഹദീസ് ഇപ്രകാരമാണ്.

"വ്യക്തമായും അറിയപ്പെട്ട മുനാഫിഖോ രോഗികളോ മാത്രമേ ജമാഅത്തിന്ന് പങ്കെടുക്കാത്തവരായി ഞങ്ങൾ കണ്ടിരുന്നുള്ളൂ. രണ്ടാളുകൾക്കിടയിൽ പിടിച്ചു നടന്ന് കൊണ്ട് രോഗികൾ പോലും ജമാഅത്തിനെത്തിയിരുന്നു. ഇബ്നു മസ്ഊദ് പറയുകയാണ് .സന്മാർഗ്ഗചര്യകൾ അല്ലാഹുവിൻെറ റസൂൽ(സ.അ)ഞങ്ങൾക്ക് പഠിപ്പിച്ചുതരാറുണ്ടായിരുന്നു. ബാങ്കു വിളിക്കുന്ന പള്ളിയിൽ നമസ്കാരത്തിന്നെത്തുക എന്നത് അക്കൂട്ടത്തിൽ പെട്ടതാണ്. അദ്ദേഹം തുടർന്നു പറഞ്ഞു. നാളെ മുസ്ലിമായിക്കൊണ്ട് അല്ലാഹുവെ കണ്ടുമുട്ടണമെന്ന് സന്തോഷപൂർവ്വം ആരെങ്കിലും കൊതിക്കുന്നുവെങ്കിൽ ഈ നമസ്കാരങ്ങൾക്ക് വിളിക്കുന്നേടത്ത് പോയി അത് കൃത്യമായി അനുഷ്ഠിക്കട്ടെ. അല്ലാഹു നിങ്ങളുടെ നബിക്ക് ചില സാന്മാർഗിക ചര്യകൾ നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്. ഇത് ആ സാന്മാർഗ്ഗിക ചര്യകളിൽ പ്പെട്ടതത്രെ. മടിയൻ ചെയ്യുന്നപോലെ നിങ്ങളുടെ വീടുകളിൽ വെച്ച് ഈ നമസ്കാരങ്ങളെ നിർവ്വഹിക്കാനാണ് നിങ്ങൾ മുതിരുന്നതെ ിൽ തീർച്ചയായും നിങ്ങൾ നബി തിരുമേനി(സ.അ)യുടെ സുന്നത്ത് കൈവെടിഞ്ഞുവെന്നാണർത്ഥം. നബിതിരുമേനിയുടെ സുന്നത്ത് കൈവെടിഞ്ഞാൽ നിങ്ങൾ വഴി പിഴച്ചതു തന്നെ.

ഒരാൾ നല്ല പോലെ വുളു എടുത്ത് ഈ പള്ളികളിലൊന്നിൽ നമസ്കാരത്തിന്നായി പോയാൽ അവൻെറ ഓരോ കാൽവെപ്പും പുണ്യകർമ്മമായി അല്ലാഹു രേഖപ്പെടുത്തും. അവൻെറ ഓരോ കാൽവെപ്പും അവൻെറ പദവികൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയുംചെയ്യും. അവൻെറ ഓരോ

പാപവും പൊറുക്കപ്പെട്ടു കൊണ്ടിരിക്കും അറിയപ്പെട്ട കപട വിശ്വാസി യല്ലാതെ നമസ്കാരത്തിന് പള്ളിയിലെത്താത്തതായി ഞങ്ങൾ കണ്ടിരുന്നി ല്ല. രണ്ടാൾ താങ്ങിപ്പിടിച്ചുകൊണ്ട് ചിലരെ സ്വഫ്ഫുകൾക്കിടയിലെത്തി ക്കുന്നതായി ഞങ്ങൾ കാണാറുണ്ടായിരുന്നു.

അബൂഹുറൈറ (റ) യിൽ നിന്ന് ഇമാം മുസ്ലിം ഉദ്ധരിക്കുന്ന ഒരു ഹദീസ് ശ്രദ്ധിക്കൂ. "അന്ധനായ ഒരാൾ നബിതിരുമേനി(സ)യുടെ അടുത്ത് വന്ന് ഇപ്രകാരം ബോധിപ്പിച്ചു. അല്ലാഹുവിൻെറ റസൂലേ, (സ.അ) എന്നെ പള്ളിയിലേക്ക് കൈ പിടിച്ചു കൊണ്ട്വരാൻ എനിക്കൊരു നായകനില്ല. അത് കൊണ്ട് എനിക്കെൻെറ വീട്ടിൽ വെച്ചു തന്നെ നമസ്കരിച്ചാൽ പോരേ? ഉടനെ നബിതിരുമേനി(സ.അ) അയാളോട് ചോദിച്ചു. നിങ്ങൾ ബാങ്ക് വിളി കേൾക്കാറുണ്ടോ? അതെ എന്നായിരുന്നു ഉത്തരം. "അപ്പോൾ ആ വിളിക്കുത്തരം ചെയ്യണം" എന്നായിരുന്നു നബി തിരമേനി (സ.അ)യുടെ ആജ്ഞ.

ജമാഅത്തായി നമസ്കരിക്കലും അല്ലാഹുവിൻെറ നാമം അനു സ്മരിക്കപ്പെടുന്നതിന് വേണ്ടി പൊക്കിക്കെട്ടാൻ അനുവദിക്കപ്പെട്ട പ്രത്യേക ഭവനങ്ങളിൽവെച്ചു തന്നെ നമസ്കാരം നിർവ്വഹിക്കലും നിർബ്ബന്ധമാ ണെന്നതിന്ന് ധാരാളം ഹദീസുകൾ തെളിവായുദ്ധരിക്കാനുണ്ട്. അത് കൊണ്ട് ഓരോ മുസ്ലിമും ഇക്കാര്യത്തിൽ നിർബന്ധം പിടിക്കേണ്ടതുണ്ട്. അത് സ്വയം നടപ്പിൽ വരുത്താനും മക്കളെയും വീട്ടുകാരെയും അയൽവാ സികളെയും മറ്റു മുസ്ലിം സഹോദരന്മാരെയും അതിന്നായി പ്രേരിപ്പിക്കാ നും ഓരോരുത്തരും ഉടനെത്തന്നെ സന്നദ്ധരാകണം. അങ്ങനെ അല്ലാഹു വിൻെറയും തിരുദൂതരുടെയും കല്പന നടപ്പിൽ വരുത്തുന്നതിൽ ജാഗ്രത പാലിക്കണം. അല്ലാഹുവും റസൂലും വിരോധിച്ചിട്ടുള്ള കാര്യങ്ങളിൽ നിന്ന് സൂക്ഷ്മതയോടെ വിട്ടു നിൽക്കുകയും നമസ്കാരത്തിന്ന് മടി കാണി ക്കുന്നവരെന്ന് അതി നിന്ദ്യമായി വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള കപട വിശ്വാ സികളെപ്പോലെ ആകാതിരിക്കാൻ കരുതിയിരിക്കുകയും വേണം. അല്ലാഹു പറയുന്നു.- إن المنافقين يخادعون الله وهو خادعهم وإذا قاموا إلى

الصلاة قاموا كسالى يراؤون الناس ولا يذكرون الله إلا

قليلا مذبذبين بين ذلك لا إلى هؤلاء ولا إلى هؤلاء
ومن يضلل الله فلن تجد له سبيلا ( النساء )

“നിശ്ചയമായും കപട വിശ്വാസികൾ അല്ലാഹുവിനോടു വഞ്ചന പ്രവർത്തിക്കുകയാണ്. അവനാകട്ടെ അവരെ വഞ്ചിക്കുന്നവനുമാണ്. അവർ നമസ്കാരത്തിന്ന് നിൽക്കുന്നതായാൽ മടിയന്മാരായിട്ടാണ് നിൽക്കുക. ആളുകളെ കാണിക്കുകയാണവർ ചെയ്യുന്നത്. വളരെ കുറച്ചു മാത്രമേ അവർ അല്ലാഹുവെ ഓർക്കുന്നുള്ളു. ഇക്കൂട്ടരിലേക്കുമില്ല, ഇക്കൂട്ടരിലേക്കുമില്ല രണ്ടിന്നുമിടയിൽ ആടിക്കളിക്കുന്നവരാണവർ. ആരെയെങ്കിലും അല്ലാഹുവഴി തെറ്റിച്ചാൽ പിന്നെ അവർക്ക് വേണ്ടി യാതൊരു വഴിയും നീ കണ്ടെത്തുകയില്ല.”

നമസ്കാരം ജമാഅത്തായിനിർവ്വഹിക്കുന്നതിൽ നിന്നുള്ള പിന്തിരിയൽ അതു തീരെ ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുന്ന മുഖ്യകാരണങ്ങളിലൊന്നാണ്. നമസ്കരിക്കാതിരിക്കുന്നത് സത്യ നിഷേധവും അപഥ സഞ്ചാരവുമാണെന്നെല്ലാവർക്കും അറിയാം. ഇസ്ലാമിക വൃത്തത്തിൽ നിന്ന് പുറത്ത് പോകാൻ അത് കാരണമാക്കുകയും ചെയ്യും. പ്രസിദ്ധ സ്വഹാബി ജാബിർ(റ) വിൽ നിന്ന് ഇമാം മുസ്ലിം ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീസിൽ നിന്നിക്കാര്യം വ്യക്തമാകുന്നുണ്ട്. നബിതിരുമേനി(സ അ) പറഞ്ഞു.

بين الرجل وبين الكفر والشرك ترك الصلاة ( مسلم )

“മുസ്ലിമായ മനുഷ്യനും കുഫ്റും ശിർക്കും തമ്മിൽ വ്യത്യാസപ്പെടുന്നത് നമസ്കാരം ഉപേക്ഷിക്കുന്നതിലൂടെയാണ്”. മറ്റൊരു നബി വചനം ഇതാണ്.

العهد الذى بيننا وبينهم الصلاة، فمن تركها فقد كفر.

“നമുക്കും അവർക്കുമിടയിലുള്ള വ്യത്യാസം നമസ്കാരമാണ്. അതാരെങ്കിലും ഉപേക്ഷിച്ചാൽ അവൻ കാഫിറായതു തന്നെ”.

നമസ്കാരത്തിൻെറ പ്രശ്നം വളരെ ഗൗരവമർഹിക്കുന്നതാണെന്നതിന്നും അതു കൃത്യമായി അനുഷ്ഠിക്കുന്നതും കൂട്ടമായി നിർവ്വഹിക്കുന്നതും നിർബ്ബന്ധമാണെന്നതിനും ധാരാളം ആയത്തുകളും ഹദീസുകളും തെളിവായി ഉദ്ധരിക്കാൻ കഴിയും

സത്യം വെളിപ്പെടുകയും അതിന്നുത്ത തെളിവുകൾ വ്യക്തമാകുകയും ചെയ്താൽ പിന്നെ അതിൽ നിന്ന് തെറ്റിപ്പോകാൻ ആർക്കും പറ്റുകയില്ല. അതാരുടെ വാക്ക് കേട്ടിട്ടായാലും ശരി. അല്ലാഹു പറയുന്നു.

فإن تنازعتم في شيء فردوه إلى الله والرسول إن كنتم
تؤمنون بالله واليوم الآخر ذلك خير واحسن تأويلا ( النساء )

"വല്ല വിഷയത്തിലും നിങ്ങാം പരസ്പരം ഭിന്നിച്ചാൽ അല്ലാഹുവിങ്കലേക്കും അവൻെറ റസൂലിങ്കലേക്കും അക്കാര്യം നിങ്ങാം മടക്കുക. അല്ലാഹുവിലും അന്ത്യനാളിലും നിങ്ങാം വിശ്വസിക്കുന്നുവെങ്കിൽ അതാണു ഏറ്റവും ഉത്തമവും ശുഭപര്യവസായിയായിട്ടുള്ളതും." സൂറ: അന്നൂറിൽ അല്ലാഹു പറയുന്നു: فليحذر الذين يخالفون عن أمره أن تصيبهم فتنة او يصيبهم عذاب اليم ( النور )

"അദ്ദേഹത്തിൻെറ കൽപനയെ അതിലംഘിക്കുന്നവർ ഏതെങ്കിലും തരത്തിലുള്ള കുഴപ്പത്തിന്നവർ വിധേയമായേക്കുമെന്നോ അല്ലെങ്കിൽ വേദനിപ്പിക്കുന്ന ശിക്ഷ അവരെ ബാധിക്കുമെന്നോ ഭയപ്പെട്ടുകൊള്ളട്ടെ."

ജമാഅത്തായി നമസ്കരിക്കുന്നതിൽ കുടിക്കൊള്ളുന്ന ഭൗതികവും സാമൂഹികവുമായ പ്രയോജനങ്ങാം ആർക്കും അറിയാത്തതല്ല. പരസ്പരം പരിചയപ്പെടുക. പരസ്പരം സഹായ സഹകരണങ്ങാം ചെയ്യുക എന്നിവ അവയിൽ ഏറ്റവും തെളിഞ്ഞു നിൽക്കുന്നതത്രെ.

പുണ്യകരങ്ങളായ കാര്യങ്ങാം നടപ്പിൽ വരുത്താനും സൂക്ഷ്മതയോടെയുള്ള ജീവിതത്തിന് പ്രോത്സാഹിപ്പിക്കാനും സത്യം സ്വീകരിക്കുന്നതിന്നും സത്യത്തിൽ ഉറച്ചു നിൽക്കുന്നതിന്നും പരസ്പരം ഉപദേശിക്കാനും മറ്റുമുള്ള അവസരങ്ങളും അത് കൊണ്ട് ലഭിക്കുന്നു. പിന്നോക്കം നിൽക്കുന്നവരെ മുന്നോട്ടു കൊണ്ട് വരാനും വിവരമില്ലാത്തവർക്ക് അറിവുണ്ടാക്കാനും കപടന്മാരെ ഭീതിപ്പെടുത്താനും അവരുടെ മാർഗ്ഗത്തിൽ നിന്ന് അകന്ന് നിൽക്കാനും അല്ലാഹുവിൻെറ അടിമകാംക്കിടയിൽ അവൻെറ ചിഹ്നങ്ങാം പ്രദർശിപ്പിക്കാനും അവങ്കലേക്കു ജനങ്ങളെ ക്ഷണിക്കാനും വാക്കിലും പ്രവൃത്തിയിലും മാതൃകായോഗ്യമായ ജീവിതം നയിക്കാനുമെല്ലാം നമസ്കാരത്തിന്നുവേണ്ടി പള്ളിയിൽ ഒത്തുകൂടുന്നത് കൊണ്ട് സാധ്യമാകുന്നു.

ഐഹികവും പാരത്രികവുമായ നന്മയും, അല്ലാഹുവിൻെറ പൊരുത്തവും ഉള്ള കാര്യങ്ങാം ചെയ്യാൻ അല്ലാഹു നമ്മെയെല്ലാംസഹായിക്കട്ടെ. സ്വന്തത്തിൽ നിന്നുണ്ടാകുന്ന തിന്മകളിൽ നിന്നും കർമ്മദൂഷ്യങ്ങളിൽ നിന്നും അവിശ്വാസികളോടും കപടന്മാരോടും ഉള്ള അനുകരണത്തിൽ നിന്നും അല്ലാഹു നമ്മെയെല്ലാം കാത്ത് രക്ഷിക്കട്ടെ. അവൻ അത്യുദാരനും ബഹുമാന്യനുമത്രെ.

* * * * *

# പൊതുവായ ഒരുദ്ബോധനം

റുക്കൂഇന്മുമ്പോ ശേഷമോ, നെഞ്ചിലോ മറ്റിവടെയെങ്കിലുമോ ഇടത്തെ കയ്യിന്മേൽ വലത്തെ കൈകൂട്ടിപ്പിടിക്കുന്നത് സംബന്ധിച്ച് നാം ഇത് വരെ നടത്തിക്കൊണ്ടിരുന്ന ചർച്ച ഒരു സുന്നത്തായ കാര്യത്തെപ്പറ്റിമാത്രമാണ്. . നിർബ്ബന്ധമായ ഒരു കാര്യത്തെപ്പറ്റിയല്ല. ഒരാൾ റുക്കൂഇന്ന് മുമ്പോ ശേഷമോ കൈതൂക്കിയിട്ടു നിന്നുകൊണ്ട് നമസ്കരിച്ചാൽ അയാളുടെ നമസ്കാരം സാധുവാണെന്നാണ് പണ്ഡിതമതം. ഏറ്റവും ശ്രേഷ്ടമായ ഒരു കാര്യം അയാൾ നമസ്കാരത്തിലൊഴിവാക്കി എന്നു മാത്രമേയുള്ളൂ. ഇത് പോലുള്ള പ്രശ്നങ്ങളിൽ വ്യത്യസ്ഥമായ അഭിപ്രായപ്രകടനങ്ങൾ പരസ്പരം ഭിന്നിപ്പിന്നോ, പിണക്കത്തിന്നോ, ശത്രുതക്കോ ഒരിക്കലും കാരണാമായിക്കൂടാ. ഇനി ഒരാൾ അതു നിർബ്ബന്ധമാണെന്നു തന്നെ പറഞ്ഞാൽ പോലും ഇമാം ശൗക്കാനി അത് നിർബ്ബന്ധമണെന്നാണ് നൈലുൽ ഔത്വാറിൽ വ്യക്തമാക്കിയിട്ടുള്ളത് അതിൻെറ പേരിൽ വഴക്കും വക്കാണവും നടത്താതിരിക്കുകയാണ് വേണ്ടത്. പുണ്യത്തിൻെറയും സൂക്ഷ്മതയുടെയും അടിസ്ഥാനത്തിൽ പരസ്പരം സഹകരിച്ചുകഴിഞ്ഞു കൂടുകയാണ് കരണീയമായിട്ടുള്ളത്. സത്യം തെളിവുകൾ സഹിതം വ്യക്തമാക്കുകയും വേണം. അസൂയയിൽ നിന്നും പകയിൽ നിന്നും രക്ഷപ്പെട്ട നിഷ്കളങ്കമായ മനസ്സോടുകൂടിയായിരിക്കണം അന്യോന്യം ബന്ധപ്പെടേണ്ടത്. ഭിന്നിപ്പിന്നും പിണക്കത്തിന്നും ഇടയാക്കുന്ന എല്ലാ കാര്യത്തിൽ നിന്നും എല്ലാവരും അകന്നു നിൽക്കണം.

പരമോന്നതനും പരിശുദ്ധനുമായ അല്ലാഹു നമ്മോടു കൽപി ക്കുന്നത് ഐക്യത്തിലും മമതയിലും വർത്തിക്കാനാണ്. ഭിന്നിച്ചു ശത്രു ക്കളാകാനല്ല. واعتصموا بحبل الله جميعا ولا تفرقوا

"നിങ്ങൾ എല്ലാവരും കൂടി അല്ലാഹുവിൻെറ പാശത്തെ മുറുകെ പിടിക്കു വിൻ. നിങ്ങൾ ഭിന്നിച്ചു പോകരുത്" അല്ലാഹുവിൻെറ റസൂൽ (സ:അ) അരുളുകയുണ്ടായി: إن الله يرضى لكم ثلاثا. أن تعبدوا الله ولا تشركوا به شيئا. وأن تعتصموا بحبل الله حميعا ولاتفرقوا، أن تناصحوا من ولاه الله أمركم.

"മൂന്ന്കാര്യങ്ങൾ നിങ്ങൾക്കായി അല്ലാഹു തൃപ്തിപ്പെടുന്നു. 1. അവനെ മാത്രമേ നിങ്ങൾ ആരാധിക്കാവൂ. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കു ചേർക്കരുത്. 2. നിങ്ങളെല്ലാവരും കൂടി അല്ലാഹുവിൻെറ പാശം മുറു കെ പിടിക്കുക. ഭിന്നിക്കരുത്. 3. നിങ്ങളുടെ കൈകാര്യകർത്തൃത്വം അല്ലാഹു ആരെയാണോ ഏൽപിച്ചിട്ടുള്ളത് അവരോട് നിങ്ങൾ സദാഗുണകാംക്ഷയു ള്ളവരായിരിക്കണം".

നമസ്കാരത്തിൽ കൈകെട്ടുന്നതും തൂക്കിയിടുന്നതും സംബന്ധി ച്ചു ആഫ്രിക്കയിലെ നമ്മുടെ മുസ്ലിം സഹോദരന്മാർക്കിടയിൽ വമ്പിച്ച വെറുപ്പും, വിദ്വേഷവും ഉണ്ടാകാറുണ്ടെന്ന് നമുക്കറിയാൻ കഴിഞ്ഞിട്ടുണ്ട് അത് വളരെ ചീത്തയാണ് എന്നതിൽ സംശയമില്ല. അവരിൽ നിന്നതുണ്ടാ കാൻ പാടില്ല. സത്യവിശ്വാസികളെന്ന നിലക്ക് പരസ്പരസ്നേഹവും സാഹോദര്യവും നിഷ്കളങ്കതയും നിലനിർത്തിക്കൊണ്ട് തന്നെ സത്യം തെളിവ് സഹിതം മനസ്സിലാക്കുന്നതിൽ പരസ്പരധാരണയും ഗുണാം ക്ഷയും കൈക്കൊള്ളുകയാണവർക്ക് നിർബ്ബന്ധമായിട്ടുള്ളത്.

നബിതിരുമേനി(സ:അ) യുടെ അനുചരന്മാരും അവരുടെ പിൻ ഗാമികളും ശാഖാപരമായ വിഷയങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങൾ വെച്ചു പുലർത്തുന്നവരായിരുന്നു. എന്നാൽ അതൊരിക്കലും അവർക്കിടയിൽ ഭിന്നി പ്പും പിണക്കവും ഉണ്ടാകാനിടയാക്കിയിരുന്നില്ല. സത്യം തെളിവു സഹിതം മനസ്സിലാക്കുക എന്നതായിരുന്നു അവരോരോരുത്തരുടെയും ലക്ഷ്യം. അ ത് വ്യക്തമായി ലഭിച്ചു കഴിഞ്ഞാൽ അവരതിൽ ഏകോപിക്കും. ആർക്കെങ്കി ലും അതു വ്യക്തമായി തെളിഞ്ഞില്ലെങ്കിൽ മറ്റുള്ളവരെ വഴി തെറ്റിയവരാ ക്കാൻ അവരാരും തുനിഞ്ഞിരുന്നില്ല. അക്കാരണം കൊണ്ടും അവർ പര

സ്പരം പിണങ്ങുകയോ ബന്ധം മുറിക്കുകയോ ചെയ്തിരുന്നുമില്ല. പരസ്പരം തുടർന്ന് നമസ്കരിക്കുന്നതിന്നും അതവർക്ക് തടസ്സമായിരുന്നില്ല.

മുസ്ലിംകളായ നാമെല്ലാവരും അല്ലാഹുവെ സൂക്ഷിച്ചു കൊണ്ട് സജ്ജനങ്ങളായിരുന്ന പൂർവ്വികന്മാരുടെ മാതൃക പിൻപറ്റി സത്യം മുറുകെ പിടിക്കുകയും അത് പ്രചരിപ്പിക്കുകയും പരസ്പരഗുണകാംക്ഷയോടെ സഹകരിച്ചു കഴിയുകയും വേണം. സ്നേഹവും സാഹോദര്യവും സത്യവിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ നിലനിർത്തിക്കൊണ്ട് തന്നെ സത്യം തെളിവ് സഹിതം മനസ്സിലാക്കാനുള്ള ആവേശം നമുക്ക് ഉണ്ടാകണം. തെളിവുകളുടെ അവ്യക്തത മൂലം ശാഖാപരമായ ചില പ്രശ്നങ്ങിൽ പരസ്പരം അഭിപ്രായ വ്യത്യാസമുണ്ടാകുന്നത് സ്വാഭാവികമാണ്. അതൊരിക്കലും പരസ്പരം ശത്രുതക്കും, പിണക്കത്തിന്നും ബഹിഷ്കരണത്തിന്നുംകാരണമായിക്കൂടാ.

അല്ലാഹുവിൻെറ അത്യുത്തമനാമങ്ങളും അത്യുന്നത വിശേഷണങ്ങളും മുൻനിർത്തിക്കൊണ്ട് നാം അല്ലാഹുവോടു യാചിക്കുകയാണ്: അല്ലാഹുവേ, ഞങ്ങാക്കും മറ്റെല്ലാ മുസ്ലിംകാക്കും ഹിദായത്തും തൗഫീഖും കൂട്ടിത്തരേണമേ, ദീനിയായ വിജ്ഞാനം ഞങ്ങാക്കെല്ലാവർക്കും നീ പ്രദാനം ചെയ്യേണമേ, ദീനിൽ ഉറച്ചു നിൽക്കാനും ദീനിനെ പ്രചരിപ്പിക്കാനും നീ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളെയെല്ലാവരെയും നീ നിൻെറ ദീനിൻെറ സഹായികളുടെ കൂട്ടത്തിൽ പെടുത്തേണമേ, നീയാണിതിൻെറയെല്ലാം ഉടമസ്ഥൻ. നീ സർവശക്തനാണ് .മുഹമ്മദ് നബിയിലും അദ്ദേഹത്തിൻെറ കുടുംബങ്ങളിലും അനുചരന്മാരിലും അദ്ദേഹത്തിൻെറ മാർഗ്ഗം പിന്തുടർന്ന് കൊണ്ട് അദ്ദേഹത്തിൻെറ മഹത്തായ ചര്യ മാതൃകയാക്കിക്കൊണ്ടും ഖിയാമത്ത് നാാവരെ ആരെല്ലാം ജീവിക്കുന്നുവോ അവരിലും അല്ലാഹുവിൻെറ രക്ഷയും അനുഗ്രഹവും സദാവർഷിച്ചു കൊണ്ടിരിക്കട്ടെ. ആമീൻ. ○

**١٨**
**المليبارية**

# رسالتان في الصلاة

## ١- كيفية صلاة النبي ﷺ

## ٢- وجوب أداء الصلاة في الجماعة

سماحة الشيخ

**عبدالعزيز بن عبدالله بن باز رحمه الله**

ترجمة

**محي الدين محمد الكاتب العمري**



المكتب التعاوني للدعوة والإرشاد وتوعية الجاليات بالعليا والسليمانية وشمال الرياض
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
هاتف ٤٧٠٤٤٦٦ / ٤٧٠٥٢٢٢ ناسوخ ٤٧٠٥٠٩٤ - ص ب ٨٧٩١٣ الرياض ١١٦٥٢